(ബി) എന്തൊക്കെയാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 9(1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർവാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവു നൽകികൊണ്ട് 25-8-2012-ലെ ജി.ഒ.(പി) നമ്പർ 151/2012/ നി.വ. സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി 31-03-2014-ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) ആധാരത്തിൽ വില കുറച്ചുകാണിച്ചുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. 31-3-2014 വരെ 1,31,111 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടിരൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനാവശ്യമായ ഫണ്ട് സർക്കാർ തലത്തിൽ ലഭ്യമാക്കിയിരുന്നു. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ തലത്തിലും വകുപ്പ് തലത്തിലും യഥാസമയം നൽകിയിരുന്നു.

ഭൂമിയുടെ ന്യായവില

278 (1363) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായ്വില നിശ്ചയിച്ചത് സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനിയും ന്യായവില നിശ്ചയിക്കാത്ത പ്രദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ നിശ്ചയിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ന്യായവില നിശ്ചയിക്കുന്നതിന് മുമ്പ് ഭൂമിയുടെ വില കുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരെയുള്ള നടപടികൾ ഇടരുന്നുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഏത് വർഷം മുതലുള്ള കേസുകളാണ് നിലനില്ക്കുന്നത്; എത്ര സെന്റ് ഭൂമി മുതൽ രജിസ്റ്റർ ചെയ്തവരാണ് ഇതിൽ ഉൾപ്പെട്ടുന്നത്;

(ഡി) ആധാരം വിലകുറച്ച് രജിസ്റ്റർ ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഭൂമിയുടെ ന്യായ വില നിശ്ചയിച്ചതിലെ അപാകതകൾ സംബന്ധിച്ച് റവന്യൂ വകുപ്പിൽ ലഭിച്ച പരാതികളിന്മേലും സബ് രജിസ്റ്റാർ ഓഫീസർമാർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള അപാകതകളിന്മേലും വില്ലേജ് ഓഫീസർ തലത്തിൽ അന്വേഷണം നടത്തിയും റവന്യൂ രേഖകളുടെ പരിശോധനകളുടെയും നേരിട്ടുള്ള പരിശോധനകളുടെയും അടിസ്ഥാനത്തിലും ന്യായവില നിശ്ചയിച്ചതു സംബന്ധിച്ച പരാതികൾ ജില്ലാ കളക്ടർമാർ പരിഹരിച്ചുവരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് 1-4-2010-ൽ ന്യായവില നിലവിൽ വന്നിട്ടുണ്ടെങ്കിലും ന്യായവില നിശ്ചയിക്കാതെ വിട്ടുപോയിട്ടുള്ള കേസുകളിൽ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ആർ.ഡി.ഒ.-മാർ നിയമാനുസൃതം സമയ ബന്ധിതമായി ന്യായവില നിശ്ചയിക്കുന്നുണ്ട്.

(സി) ഭൂമിയുടെ വില കുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരെ കേരള മുദ്രപത്ര നിയമം വകുപ്പ് 45B പ്രകാരമാണ് നടപടികൾ സ്വീകരിക്കുന്നത്. ആധാരങ്ങളിൽ വില കുറച്ച് കാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടി പൊതുതാൽപര്യാർത്ഥം മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകികൊണ്ട് 25-8-2012-ലെ ജി.ഒ. (പി) 151/2012/ നി.വ. നമ്പർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നിലവിൽ വന്നു. ടി

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ കാലാവധി , 31-3-2014-ൽ അവസാനിച്ചിട്ടുള്ളതാണ് ന്യായവില നിശ്ചയിക്കുന്നതിനുമുമ്പുള്ളതും അതിനു ശേഷമുള്ളതുമായ 105946() കേസുകളാണ് 2015 ഒക്ടോബർ മാസം വരെ ഭൂമിയുടെ വില കുറച്ചു കാണിച്ചതിന് നടപടിയിലിരിക്കുകയാണ്. കടിശ്ശിക കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കോമ്പൗണ്ടിംഗ് പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള 5 സെന്റ് വരെയുള്ള വസ്തു സംബന്ധിച്ച ആധാരങ്ങളെ നടപടിയിൽനിന്നും ഒഴിവാക്കിയിരുന്നു. കേരള മുദ്രപത്രനിയമം 45B വകുപ്പു പ്രകാരമുള്ള നടപടിയിൽ വസ്തുവിന്റെ വിസ്തീർണ്ണത്തിന് പ്രസക്തിയില്ല.

(ഡി) ആധാരത്തിൽ വില കുറച്ച് കാണിച്ച രജിസ്ട്രർ ചെയ്തതിനെതിരെ കേരള മുദ്രപത്രനിയമം 45B-യിൽ അനുശാസിക്കുന്ന വിധത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഭൂമിയുടെ ന്യായവില വർദ്ധന

279 (1364) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധനമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനും ഭാഗപത്രത്തിനും ഉണ്ടായിട്ടുള്ള നികുതി വർദ്ധന പുനഃപരിശോധിക്കുമോ;

(സി) നികുതി വർദ്ധന പിൻവലിക്കുവാനും ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിന് പഴയ രീതി നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-4-2010 മുതൽ പ്രാബല്യത്തിൽ വന്ന ന്യായവിലയിൽ 50% വർദ്ധനവ് 14-11-2014-ലെ G.O(P) 188/14/TD നമ്പർ വിജ്ഞാപനം മുഖേന 17-11-2014-ൽ നിലവിൽ വന്നു. വർദ്ധനവ് നിലവിൽ വന്നിട്ട് ഒരു വർഷം കഴിയുകയും പൗരസമൂഹം അത് പൊതുവിൽ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഒറ്റപ്പെട്ട പരാതികൾ ഉണ്ടെങ്കിലും വർദ്ധനവ് മൂലം ഇപ്പോൾ വലിയ പ്രയാസങ്ങൾ നിലവിലില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly